**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1524** | **19-06-2024 - ൽ മറുപടിയ്ക്ക്**

**എൽ.ആർ.എം. ഫയലുകൾ തീർപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ താലൂക്ക് ഓഫീസുകളിൽ സർവെയർമാരുടെ കുറവ് മൂലം എൽ.ആർ.എം. ഫയലുകൾ തീർപ്പാക്കുന്നതിന് രണ്ട് വർഷത്തിലേറെ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കൂടുതൽ സർവെയർമാരെ നിയമിച്ച് പ്രസ്തുത ഫയലുകൾ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടയമേളയോടനുബന്ധിച്ച് പട്ടയ സർവെയ്ക്ക് മാറ്റി നിയോഗിച്ചിട്ടുള്ള സർവെയർമാരെ പട്ടയ സർവെ ജോലികൾ തീരുന്ന മുറയ്ക്ക്, താലൂക്ക് ഓഫീസുകളിൽ കൂടുതൽ സർവെയർമാരെ എൽ.ആർ.എം ജോലികൾക്കായി നിയമിച്ചും, ലഭ്യമായ സർവെയർമാരിൽ പ്രതിമാസ ടാർജറ്റ് നൽകി കാലതാമസം നേരിടുന്ന എൽ.ആർ.എം ഫയലുകൾ തീർപ്പാക്കിയും വരുന്നുണ്ട്. കൂടാതെ പുതിയ പി.എസ്.സി റാങ്ക് പട്ടിക നിലവിൽ വരുന്ന മുറയ്ക്ക് താലൂക്ക് ഓഫീസുകളിൽ നിലവിലുള്ള സർവെയർമാരുടെ ഒഴിവുകൾ നികത്തപ്പെടുന്നതും ആയത് സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ